**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 426** **08-06-2021 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ വി ജോയി | | Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കയർ വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി കഴിഞ്ഞ സർക്കാർ സംഘടിപ്പിച്ച 'കയർ കേരള' പോലുള്ള പ്രദർശന വില്പന മേളകൾ സംഘടിപ്പിക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കയറിന്റെയും മറ്റ് പ്രകൃതിദത്ത നാരുകളുടേയും അന്താരാഷ്ട്ര മേളയായ കയർ കേരള വർഷംതോറും കയർ വികസന വകുപ്പ് നടത്തിവരുന്നുണ്ട്. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ 2021 ഫെബ്രുവരി മാസത്തിൽ വെർച്വൽ ആയാണ് കയർ കേരള നടത്തിയത്.അന്താരാഷ്ട്ര വിപണന മേളകളിൽ സാധ്യതകൾക്കനുസരിച്ച് കയർ അപ്പക്സ് പൊതുമേഖലാസ്ഥാപനങ്ങൾ പങ്കെടുക്കുകയും വിദേശ ഓർഡറുകൾ ശേഖരിക്കുകയും ചെയ്തുവരുന്നുണ്ട്. |
| (ബി) | പരമ്പാരഗത കയർ ഉല്പന്നങ്ങളുടെ സംരക്ഷണത്തിനും വൈവിദ്ധ്യമായ പുതിയ ഉല്പന്നങ്ങൾ നിർമ്മിച്ച് വിറ്റഴിക്കുന്നതിനും എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനുമായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലക്ക് വിൽക്കുന്നതിനും വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. കയർ കെട്ടിക്കിടക്കുന്ന സ്ഥിതി 2016-17 നു ശേഷം അവസാനിച്ചു. ഇത് എം.ജി.എൻ.ആർ.ഇ.ജി.എസ്-മായി ചേർന്ന് കയർ കേരള 2017 ൽ ആരംഭിച്ച കയർ ഭൂവസ്ത്ര പരിപാടിയുടെ ഗുണഫലമാണ്. കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനായി കയർ അക്വസ്റ്റിക് പാനൽ,കയർ കോമ്പോസിറ്റ്സ്, ബൈൻഡർലെസ് ബോർഡ്, കയർജിയോസെൽ, കയർ മൾച്ചിംഗ് മാറ്റ്, എന്നീ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കയർ ഉത്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ കയർ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി കയർ |

| | | | |
|---|---|---|---|
| | | | കേർപ്പറേഷൻ ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക ഡിസ്കൗണ്ടുകളോടുകൂടി സംസ്ഥാനത്തിനകത്തും പുറത്തും ഷോറൂമുകൾ വഴി കയർ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. |
| (സി) | കയർ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി 10,20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇവ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ തൂക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 23000 ഇലക്ട്രോണിക് റാട്ടുകൾ നൽകി കഴിഞ്ഞു. ഉൽപ്പന്ന മേഖലയിലെ കയർ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനായി അടിസ്ഥാന സൗകര്യം വികസിപ്പിച്ച് കൊണ്ട് ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ